**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1313** **30-06-2026-ൽ മറുപടിയ്ക്ക്**

**കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി സർക്കാർ നേരിട്ട് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ഡി.ബി.ഒ.റ്റി (Design Build Operate & transfer) അടിസ്ഥാനത്തിൽ ഐ.എൽ.&എഫ്.എസ് ട്രാൻസ്പോർട്ടേഷൻ നെറ്റ് വർക്ക് ലിമിറ്റഡ് കമ്പനിയാണ് നിർമ്മാണം പൂർത്തീകരിച്ചത്. സ്റ്റേഡിയത്തിന്റെ പരിപാലനവും അനുബന്ധകാര്യങ്ങളുമായി ബന്ധപ്പെട്ട കൺസെഷൻ എഗ്രിമെൻറ് പ്രകാരം ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പരിപാലനം നടത്തേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.എൽ & എഫ്.എസ്-ന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കാര്യവട്ടം സ്പോട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് (കെ.എസ്.എഫ്.എൽ) രൂപീകരിക്കുകയും 26.09.2011 ലെ സ.ഉ(കൈ) നം.20/2011/S&YA നമ്പർ ഉത്തരവ് പ്രകാരം 15 വർഷത്തെ ആന്വിറ്റി തുക നിശ്ചയിച്ച് 2019-20 കാലയളവിൽ വരെയുള്ള ആന്വിറ്റി തുക കെ.എസ്.എഫ്.എൽ ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 15 വർഷത്തെ നടത്തിപ്പ് ചുമതല കെ.എസ്.എഫ്.എൽ ന് ആണ്. ആയത് 2027 ൽ അവസാനിക്കുന്നതാണ്.

സ്റ്റേഡിയം നിർമ്മാണത്തിനായി കേരള സർവ്വകലാശാലയുടെ കീഴിലുള്ള 37 ഏക്കർ ഭൂമി 15 വർഷത്തേക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ സർക്കാരിന് നൽകുകയാണുണ്ടായത്. പാട്ടക്കരാർ പ്രകാരം പാട്ടത്തുക ഓരോ വർഷവും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാട്ടക്കരാർ കാലാവധി 2027 ൽ അവസാനിക്കുകയാണ്.

**(ബി)** സ്റ്റേഡിയം നിർമ്മാണത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി എത്ര ഭൂമിയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;ഈ സ്റ്റേഡിയത്തിന്റെ നടത്തിപ്പ് ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ഡി.ബി.ഒ.റ്റി (Design Build Operate & transfer) അടിസ്ഥാനത്തിൽ ഐ.എൽ.&എഫ്.എസ് ട്രാൻസ്പോർട്ടേഷൻ നെറ്റ് വർക്ക് ലിമിറ്റഡ് കമ്പനിയാണ് നിർമ്മാണം പൂർത്തീകരിച്ചത്. സ്റ്റേഡിയത്തിന്റെ പരിപാലനവും അനുബന്ധകാര്യങ്ങളുമായി ബന്ധപ്പെട്ട കൺസെഷൻ എഗ്രിമെൻറ് പ്രകാരം ഒരു സ്പെഷ്യൽ പർപ്പസ്

വെഹിക്കിൾ രൂപീകരിച്ച് പരിപാലനം നടത്തേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.എൽ & എഫ്.എസ്-ന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കാര്യവട്ടം സ്പോട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് (കെ.എസ്.എഫ്.എൽ) രൂപീകരിക്കുകയും 26.09.2011 ലെ സ.ഉ(കൈ) നം.20/2011/S&YA നമ്പർ ഉത്തരവ് പ്രകാരം 15 വർഷത്തെ ആന്വിറ്റി തുക നിശ്ചയിച്ച് 2019-20 കാലയളവിൽ വരെയുള്ള ആന്വിറ്റി തുക കെ.എസ്.എഫ്.എൽ ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 15 വർഷത്തെ നടത്തിപ്പ് ചുമതല കെ.എസ്.എഫ്.എൽ ന് ആണ്. ആയത് 2027 ൽ അവസാനിക്കുന്നതാണ്.

സ്റ്റേഡിയം നിർമ്മാണത്തിനായി കേരള സർവ്വകലാശാലയുടെ കീഴിലുള്ള 37 ഏക്കർ ഭൂമി 15 വർഷത്തേക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ സർക്കാരിന് നൽകുകയാണുണ്ടായത്. പാട്ടക്കരാർ പ്രകാരം പാട്ടത്തുക ഓരോ വർഷവും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാട്ടക്കരാർ കാലാവധി 2027 ൽ അവസാനിക്കുകയാണ്.

**(സി)** ഈ സ്റ്റേഡിയത്തിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യാറുണ്ടോ;എങ്കിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വരവ് -ചെലവ് കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** കൺസഷൻ എഗ്രിമെന്റ് പ്രകാരം സ്റ്റേഡിയത്തിന്റെ നടത്തിപ്പ് ചുമതല കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് എന്ന കമ്പനിയെ ആണ് ഏൽപ്പിച്ചിട്ടുള്ളത്. സ്റ്റേഡിയത്തിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടില്ല. 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വരവ് ചെലവ് കണക്കുകളുടെ വിശദാംശം ലഭ്യമല്ല.

**(ഡി)** ഈ സ്റ്റേഡിയം നിർമ്മിച്ചതിലൂടെ സർക്കാരിനും സംസ്ഥാനത്തെ കായിക മേഖലയ്ക്കും എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

**മറുപടി:** ലോകകപ്പ് മത്സരങ്ങൾ ഉൾപ്പെടെ ദേശീയ/അന്തർദേശീയ തലത്തിലുള്ള മത്സരങ്ങൾക്ക് സ്റ്റേഡിയം വേദിയായിട്ടുണ്ട്. സ്റ്റേഡിയത്തോട് അനുബന്ധിച്ച് നിർമ്മാണത്തിൽ ഉൾപ്പെട്ടിട്ടുള്ള നീന്തൽക്കുളം, ഇൻഡോർ കോർട്ട് പരിശീലനസൗകര്യങ്ങൾ എന്നിവ പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമാണ്.

**സെക്ഷൻ ഓഫീസർ**